**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1129** | **06-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന തീരദേശ പരിപാലന അതോറിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 1986 ലെ പരിസ്ഥിതി (സംരക്ഷണ) നിയമത്തിന്റെ സെക്ഷൻ 3 ന്റെ ഉപവിഭാഗങ്ങൾ (1), (3) പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയമാണ് തീരദേശ പരിപാലന അതോറിറ്റി രൂപീകരിച്ചിട്ടുള്ളത്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മേൽനോട്ടത്തിനും നിയന്ത്രണത്തിനും വിധേയമായിട്ടാണ് തീരദേശ പരിപാലന അതോറിറ്റി പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്. അതോറിറ്റിയുടെ പ്രധാന പ്രവർത്തനങ്ങൾ സർക്കാരിനെ അറിയിച്ചും വരുന്നു. |
| (ബി) | കാലാവധി കഴിഞ്ഞ അതോറിറ്റി പുന:സംഘടിപ്പിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി പുന:സംഘടിപ്പിക്കുന്നതിനായി അംഗങ്ങൾ, വിദഗ്ധ അംഗങ്ങൾ, നിയമ വിദഗ്ധൻ, സന്നദ്ധ സംഘടനാംഗം എന്നിവരുടെ ഒരു പാനൽ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയമാണ് തീരദേശ പരിപാലന അതോറിറ്റി പുന:സംഘടിപ്പിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത്. |
| (സി) | പ്രസ്തുത അതോറിറ്റിയുടെ പുന:സംഘടനയുമായി ബന്ധപ്പെട്ട ശിപാർശകൾ കേന്ദ്ര പരിസ്ഥിതി-കാലാവസ്ഥ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (സി) | കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി പുന:സംഘടിപ്പിക്കുന്നതിനായി അംഗങ്ങൾ, വിദഗ്ധ അംഗങ്ങൾ, നിയമ വിദഗ്ധൻ, സന്നദ്ധ സംഘടനാംഗം എന്നിവരുടെ ഒരു പാനൽ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയമാണ് തീരദേശ പരിപാലന അതോറിറ്റി പുന:സംഘടിപ്പിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത്. |
| (ഡി) | അതോറിറ്റി രൂപീകരിച്ചിട്ടില്ലാത്തതിനാൽ | (ഡി) | 29.10.2022 ന് കൂടിയ തീരദേശ പരിപാലന |

| | | | |
|---|---|---|---|
| | മത്സ്യത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | അതോറിറ്റിയുടെ അവസാനത്തെ യോഗത്തിൽ അതുവരെ ലഭിച്ച പൂർണ്ണമായ അപേക്ഷകൾ പരമാവധി പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഈ യോഗത്തിൽ സമർപ്പിക്കുവാൻ കഴിയാത്തതും, 29.10.2022 ന് ശേഷം ലഭിച്ചതുമായ മത്സ്യത്തൊഴിലാളികൾ ഉൾപ്പടെ ഉള്ളവരുടെ അപേക്ഷകൾ മാത്രമാണ് നിലവിൽ തീർപ്പാക്കാനാകാതെ കേരള തീരദേശ പരിപാലന അതോറിറ്റിയിൽ ഉള്ളത്. |

സെക്ഷൻ ഓഫീസർ